സ്ഥിരം അദാലത്ത് സമിതിയുടെ ഒരു യോഗം 09-1-2024 തീയതിയിൽ ചേർന്നു .പ്രസ്തുത യോഗത്തിൽ പങ്കെടുത്തവരും തീരുമാനങ്ങളും.

ഹാജർ

1 കെ വി സതീശൻ ഇന്റേണൽ വിജിലൻസ് ഓഫീസർ കൺവീനർ അദാലത്ത്

2 ബിജു പി വി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്

3 നിതിൻകുമാർ എസ് ഡെപ്യൂട്ടി ടൗൺ പ്ലാനർ കണ്ണൂർ

തദ്ദേശസ്ഥാപന പ്രതിനിധികൾ

1.ബബിത ടി സീനിയർ ക്ലർക്ക് രാമന്തളി ഗ്രാമപഞ്ചായത്ത്

2.റീന പി സീനിയർ ക്ലർക്ക് എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത്

3.സജിനി കെ ഓവർസീയർ എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത്

4.ജയരാജൻ പി, സീനിയർ ക്ലർക്ക് കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത്

5.കെ സനീഷ് അസി.സെക്രട്ടറി നാറാത്ത് ഗ്രാമപഞ്ചായത്ത്

പരാതിക്കാർ

1 ജാസ്മിൻ എന്നവർക്ക് വേണ്ടി എൻ എ വി അബ്ദുള്ള രാമന്തളി
2 നാരായണൻ പി വി വെള്ളോറ
3 ആരംഭൻ സുരേശൻ നാറാത്ത്
4 അനിൽകുമാർ നാറാത്ത്

യോഗം രാവിലെ 10.30.ന് ആരംഭിച്ചു

**നവകേരള സദസ്സിൽ ലഭിച്ച പരാതികൾ**

**അജണ്ട 1**

Docket No.KNR 0060980

ശ്രീ ഗോപാലകൃഷ്ണൻ കെ എന്നവർ കാങ്കോൽ ആലപ്പടമ്പ് ഗ്രാമപഞ്ചായത്തിനെതിരെ നൽകിയ പരാതി

തനിക്ക് പുതുതായി പട്ടയം ലഭിച്ച ഭൂമിയിൽ നിലവിലുള്ള കെട്ടിടത്തിന് നിയമാനുസൃതം നമ്പർ ലഭിക്കുന്നതിന് ഉള്ള അപേക്ഷയിൽ നിലവിലുള്ള കെട്ടിടം എന്ന നിലയിൽ പഴയ നിരക്കിൽ ഫീസ് കൊടുക്കുന്നതിന് അനുവദിക്കണം എന്നതാണ് അപേക്ഷ

**തീരുമാനം**

പുതുതായിപട്ടയം ലഭിച്ചവർക്ക് നിലവിലുള്ള കെട്ടിട നമ്പർ നിയമാനുസൃതം ആക്കുന്നതിനും കെട്ടിടം വിപുലീകരിക്കുന്നതിനുള്ള അപേക്ഷകളിൽ പുതുക്കിയ ഫീസിൽ ഇളവ് അനുമതിക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്ത് 9-11-23 ന് ചേർന്ന യോഗത്തിൽ 269/2023 നമ്പർ പ്രകാരം തീരുമാനിക്കുകയും ആയത് സർക്കാർ സാധൂകരണത്തിന് വേണ്ടി അപേക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു . ഗ്രാമപഞ്ചായത്തിന്റെ ഈ തീരുമാനത്തിന് സർക്കാർ അംഗീകാരം ലഭിക്കുന്നതിന് വിധേയമായി അപേക്ഷയിൽ തീരുമാനമെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചു തീരുമാനിച്ചു

**അജണ്ട 2**

Docket No.KNR 0061235

ശ്രീമതി ജാനകി എം എന്നവർ പയ്യന്നൂർ നഗരസഭയ്ക്ക് എതിരെ നൽകിയ പരാതി

പയ്യന്നൂർ നഗരസഭയിൽ വെള്ളൂർ എന്ന സ്ഥലത്ത് താൻ നിർമ്മിച്ച വീടിന് ഇതുവരെയായി നമ്പർ ലഭിക്കാത്തതിനാൽ കറണ്ട് കണക്ഷൻ ലഭിക്കുന്നില്ല എന്നതാണ് ശ്രീമതി ജാനകിയുടെ പരാതി .പരാതിക്കാരെ നേരിട്ട് കേട്ടതിൽ തങ്ങൾ വീട് നിർമ്മിച്ചിരിക്കുന്ന സ്ഥലം തറവാട്ട് വകയുള്ളതാണെന്നും സ്ഥലത്തിന് മറ്റ് അവകാശികൾ അവകാശം ഉന്നയിക്കുന്നുണ്ട് എന്നും സ്ഥലം അനധികൃതമായി കയ്യേറി എന്ന് അതിന് മറ്റുള്ളവർ തങ്ങളുടെ പേരിൽ കേസ് നൽകിയിട്ടുള്ളതാണെന്നും അറിയിച്ചു .കൂടാതെ പ്രസ്തുത സ്ഥലത്തിൻറെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് ആവശ്യമായ രേഖകൾ ഒന്നും തന്നെ തങ്ങളുടെ കയ്യിൽ ലഭ്യമല്ല എന്നും ശ്രീ ജാനകിപറഞ്ഞു.ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഒന്നും ഹാജരാക്കാത്തതിനാലാണ് നമ്പർ അനുവദിക്കാൻ സാധിക്കാത്തതെന്ന് നഗരസഭ അറിയിച്ചു

**തീരുമാനം**

കെട്ടിടം പണിതിരിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് ആവശ്യമായ രേഖകൾ ,കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാൻ ,പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ സഹിതം നഗരസഭയിൽ അപേക്ഷ

നല്കുന്നതിനും അപേക്ഷ ലഭിക്കുന്ന മുറക്ക് പരിഗണിച്ച് സേവനം ലഭ്യമാക്കുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ച് തീരുമാനിച്ചു

**അജണ്ട 3**

Docket No.KNR 0060711

ശ്രീമതി സുമതി സി എന്നവർ പയ്യന്നൂർ നഗരസഭയ്ക്ക് എതിരെ നൽകിയ പരാതി

കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് ലഭിക്കുന്നില്ല എന്നതാണ് പരാതി. പരാതിക്കാരെ നേരിട്ട് കേട്ടതിൽ തങ്ങൾ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം ഡാറ്റ ബാങ്കിൽ ഉൾപ്പെട്ടതാണെന്നും പ്രസ്തുത സ്ഥലം പരിവർത്തനം ചെയ്യുന്നതിന് ജില്ലാതല സമിതിക്ക് അപേക്ഷ നൽകിയിട്ടുള്ളത് ആണെങ്കിലും നിരസിച്ചിട്ടുള്ളതാണെന്നും അറിയിച്ചു.കെട്ടിട നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതുകൊണ്ടാണ് പെർമിറ്റ് അനുവദിക്കാൻ സാധിക്കാതത്തെന്ന് നഗരസഭ അറിയിച്ചു

**തീരുമാനം**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം വിജ്ഞാപനം ചെയ്ത ഭൂമിയിൽ കെട്ടിട നിർമ്മാണാനുമതി നൽകുന്നതിന് സാധിക്കുകയില്ല .ശ്രീമതി സുമതി എന്നവർക്ക് മറ്റ് അനുയോജ്യമായ സ്ഥലങ്ങൾ ഒന്നും തന്നെ കെട്ടിട നിർമ്മാണത്തിന് ലഭ്യമല്ലെങ്കിൽ പ്രാദേശിക നിരീക്ഷണ സമിതി മുഖേന ജില്ലാതല സമിതിക്ക് ഭൂമി പരിവർത്തനം ചെയ്യുന്നതിന് അപേക്ഷിക്കാവുന്നതാണ് എന്നാൽ ശ്രീമതി സുമതിയുടെ കാര്യത്തിൽ പ്രസ്തുത അപേക്ഷ ജില്ലാ സമിതി നിരസിച്ചതായി പരാതിക്കാരി അറിയിച്ചിട്ടുണ്ട് ,.ഈ സാഹചര്യത്തിൽ നിർമ്മാണാനുമതി നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കാത്തതാണ്

**അജണ്ട 4**

Docket No.KNR 0062112

ശ്രീമതി എൽസമ്മ പി സി എന്നവർ കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്തിന് എതിരെ സമർപ്പിച്ച പരാതി. ഗ്രാമപഞ്ചായത്തിൽ നിന്നും താൻ കെട്ടിട നിർമ്മാണാനുമതി നേടിയിട്ടുണ്ടെന്നും എന്നാൽ കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നില്ല എന്നതാണ് പരാതി .നേരിട്ട് കേട്ടതിൽ പെർമിറ്റ് സംബന്ധിച്ച രേഖകൾ ഒന്നും തന്നെ തന്റെ പക്കൽ ലഭ്യമല്ലെന്നും പരാതിക്കാരി അറിയിച്ചു

ശ്രീമതി എൽസമ്മ കെട്ടിട നിർമ്മാണാനുമതിക്ക് അപേക്ഷിക്കുകയും കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്തിനു വേണ്ടി സെക്രട്ടറി അറിയിച്ചു .എന്നാൽ കെട്ടിടം പൂർത്തീകരിച്ച് പൂർത്തീകരണ സർട്ടിഫിക്കറ്റോ പൂർത്തീകരണ പ്ലാനോ ഗ്രാമപഞ്ചായത്തിൽ ഇതേവരെ ലഭ്യമാക്കിയിട്ടില്ല ആയതുകൊണ്ടാണ് നമ്പർ അനുവദിക്കുന്നതിന് സാധിക്കാത്തതെന്ന് സെക്രട്ടറി വിശദീകരിച്ചു

**തീരുമാനം**

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം കെട്ടിട നിർമ്മാണത്തിന് അനുമതി ലഭിച്ചു കഴിഞ്ഞാൽ കെട്ടിടം പൂർത്തീകരിച്ച് ഒക്കുപെൻസി ലഭിക്കുന്നതിന് കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാനും പൂർത്തീകരണ സർട്ടിഫിക്കറ്റും സഹിതം അപേക്ഷ നൽകേണ്ടതുണ്ട് .എന്നാൽ ശ്രീമതി എൽസമ്മ ഇപ്രകാരം അപേക്ഷ നൽകിയിട്ടില്ല. ആയതിനാൽ കെട്ടിടം പൂർത്തീകരിച്ചത് സംബന്ധിച്ചുള്ള പ്ലാനും പൂർത്തീകരണ സർട്ടിഫിക്കറ്റും സഹിതം ഗ്രാമപഞ്ചായത്തിൽ അപേക്ഷിക്കുന്നതിന് പരാതിക്കാരിയോട് നിർദ്ദേശിച്ചു തീരുമാനിച്ചു.

**അജണ്ട5**

Docket No.KNR 0060540

ശ്രീമതി നസീമ എന്നവർ പയ്യന്നൂർ നഗരസഭയ്ക്ക് എതിരെ നൽകിയ പരാതി

താൻ പണിത കെട്ടിടത്തിന് കെട്ടിട നമ്പർ നഗരസഭയിൽ നിന്നും ലഭിക്കുന്നില്ല എന്നതാണ് പരാതി. പരാതിക്കാരിയെ നേരിട്ട് കേട്ടതിൽ തന്റെ കെട്ടിടം നിർമ്മിക്കുന്ന സ്ഥലം നിലം വിഭാഗത്തിൽ ഉൾപ്പെട്ടതാണ് ആയത് പരിവർത്തനം ചെയ്യുന്നതിന് ആർ ഡി ഓ ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷയിൽ തീരുമാനം ആയിട്ടില്ല എന്ന് അറിയിച്ചു.കെട്ടിടനിർമ്മാണം നടത്തിയിരിക്കുന്ന ഭൂമി റവന്യൂ രേഖകൾ പ്രകാരം നിലം വിഭാഗത്തിൽ ഉൾപ്പെട്ടതായതിനാലാണ് കെട്ടിടത്തിന് നമ്പർ അനുവദിക്കാൻ സാധിക്കാത്തതെന്ന് നഗരസഭ അറിയിച്ചു.

**തീരുമാനം**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് 120 ച. മീറ്ററിൽ കൂടുതൽ നടത്തുന്നതിന് ആർ ഡി ഓ യുടെ അനുമതി ആവശ്യമാണ് നിലവിൽ പരിവർത്തനം ചെയ്യുന്നതിന് ശ്രീമതി നസീമ അപേക്ഷ നൽകിയിട്ടുണ്ട് .അപേക്ഷയിൽ തീരുമാനം ആകുന്ന മുറക്ക് കേരള മുൻസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പ്ലാൻ തയ്യാറാക്കി രേഖകൾ അടക്കം അപേക്ഷ നഗരസഭയിൽ സമർപ്പിക്കുന്നതിന് പരാതിക്കാരിയോട് നിർദ്ദേശിച്ചു തീരുമാനിച്ചു

**അജണ്ട 6**

Docket No.KNR 0061197

കെ നാരായണൻ എന്നവർ കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്തിനെതിരെ നൽകിയ പരാതി.

തനിക്ക് പുതുതായി പട്ടയം ലഭിച്ച ഭൂമിയിൽ നിലവിലുള്ള കെട്ടിടത്തിന് നിയമാനുസൃതം നമ്പർ ലഭിക്കുന്നതിന് ഉള്ള അപേക്ഷയിൽ നിലവിലുള്ള കെട്ടിടം എന്ന നിലയിൽ പഴയ നിരക്കിൽ ഫീസ് കൊടുക്കുന്നതിന് അനുവദിക്കണം എന്നതാണ് അപേക്ഷ

**തീരുമാനം**

പുതുതായിപട്ടയം ലഭിച്ചവർക്ക് നിലവിലുള്ള കെട്ടിട നമ്പർ നിയമാനുസൃതം ആക്കുന്നതിനും കെട്ടിടം വിപുലീകരിക്കുന്നതിനുള്ള അപേക്ഷകളിൽ പുതുക്കിയ ഫീസിൽ ഇളവ് അനുമതിക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്ത് 9-11-23 ന് ചേർന്ന യോഗത്തിൽ 269/2023 നമ്പർ പ്രകാരം തീരുമാനിക്കുകയും ആയത് സർക്കാർ സാധൂകരണത്തിന് വേണ്ടി അപേക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു . ഗ്രാമപഞ്ചായത്തിന്റെ ഈ തീരുമാനത്തിന് സർക്കാർ അംഗീകാരം ലഭിക്കുന്നതിന് വിധേയമായി അപേക്ഷയിൽ തീരുമാനമെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചു തീരുമാനിച്ചു

**അജണ്ട 7**

Docket No.KNR 0062330

ജാസ്മിന എന്നവർ രാമന്തളി ഗ്രാമപഞ്ചായത്തിനെതിരെ നൽകിയ പരാതി

ശ്രീമതി ജാസ്മിന രാമന്തളി ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് ലഭിച്ചതിനുശേഷം നിർമ്മിച്ച വീടിന് നമ്പർ അനുവദിക്കുന്നില്ല എന്നതാണ് പരാതി. പൊതുമരാമത്ത് വകുപ്പിന്റെ റോഡിൽ നിന്നും ആവശ്യമായ അകലം പാലിക്കാത്തതിനാൽ ആണ് നമ്പർ അനുവദിച്ചു കിട്ടാത്തത് എന്ന് പരാതിക്കാരി പറഞ്ഞു. രാമന്തളി ഗ്രാമപഞ്ചായത്തിലെ രേഖകൾ പ്രകാരം ശ്രീമതി ജാസ്മിന കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ടെങ്കിലും കെട്ടിട പൂർത്തീകരണം സംബന്ധിച്ച പരിശോധനയിൽ റോഡിൽ നിന്നും ആവശ്യമായ ദൂരം പാലിച്ചിട്ടില്ല റിയർ യാർഡ് അളവ് ചട്ടപ്രകാരം ഇല്ല എന്നീ കാരണങ്ങളാൽ ആണ് നമ്പർ അനുവദിക്കാൻ സാധിക്കാത്തതെന്ന് സെക്രട്ടറി അറിയിച്ചു .നേരിട്ടുള്ള പരിശോധനയിൽ എട്ടിക്കുളം ജംഗ്ഷനിൽ നിന്നും ലൈറ്റ് ഹൗസ് റോഡിലാണ് പ്രസ്തുത പ്ലോട്ട് സ്ഥിതി ചെയ്യുന്നത് .നിലവിൽ റോഡിൽ നിന്നും കെട്ടിടത്തിന് മുൻവശത്തേക്ക് 2.3 മീറ്റർ 2.9 മീറ്റർ എന്നിങ്ങനെയാണ് അകലം ലഭ്യമാകുന്നത്. കൂടാതെ നിലവിൽ രേഖപ്പെടുത്തിയിരിക്കുന്ന റിയർയാർഡ് 1. 20 മീറ്ററും 2.10 മീറ്ററും ആണുള്ളത് .പരാതിക്കാരനെ നേരിട്ട് കേട്ടതിൽ കെട്ടിടം നിർമ്മാണം നടത്തിയതിനുശേഷം ലൈറ്റ് ഹൗസ് റോഡിന്റെ വികസനത്തിനു വേണ്ടി സ്വമേധയാ ഭൂമി വിട്ടുകൊടുക്കുകയും അതിനു ശേഷം സ്ഥാപിച്ചിരിക്കുന്ന കൾവർട്ടിന് ആവശ്യമായ സ്ഥലം നൽകുകയും ചെയ്തതുകൊണ്ടാണ് കെട്ടിടത്തിന് റോഡിൽ നിന്നും ആവശ്യമായ ദൂരം പാലിക്കാൻ സാധിക്കാത്തത് എന്ന് പറയുന്നു

**തീരുമാനം**

ശ്രീമതി ജാസ്മിൻ നിയമാനുസൃത പെർമിറ്റ് നേടിയതിന് ശേഷം കെട്ടിടം പണി ആരംഭിച്ചതിനുശേഷം ആണ് റോഡിന് വീതി കൂട്ടിയിട്ടുള്ളത് .ആയതിന് സ്ഥലം വിട്ടുകൊടുക്കുകയാണ് ഉണ്ടായിട്ടുള്ളത് എന്നുള്ള വസ്തുത കണക്കിലെടുത്ത് പിഡബ്ല്യൂഡി അധികാരികളിൽ നിന്നും റോഡിന് പുതുതായി സൗജന്യമായി സ്ഥലം വിട്ടുകൊടുത്തിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച സാക്ഷ്യപത്രം ലഭ്യമാക്കി ഗ്രാമപഞ്ചായത്തിൽ ഇളവിന് അപേക്ഷിക്കുന്നതിന് പരാതിക്കാരിയോട് നിർദ്ദേശിച്ചു. ഇത്തരത്തിൽ സാക്ഷ്യപത്രം ലഭ്യമാക്കി ഗ്രാമപഞ്ചായത്തിൽ ഇളവിന് അപേക്ഷിക്കുന്ന മുറക്ക് 2019ലെ കേരളപഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ അദ്ധ്യായം 10 അനുശാസിക്കുന്ന പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ചു തീരുമാനിച്ചു. മേൽ ചട്ടങ്ങൾ ചട്ടം 2 ( cj ) പ്രകാരം ഏതെങ്കിലും പാർശാങ്കണം പിന്നാമ്പുറവുമായി പരസ്പരം മാറ്റാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട് . ആയതുകൂടി പരിഗണിച്ച് അപേക്ഷയിൽ തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശിക്കുന്നു

**അജണ്ട 8**

Docket No.KNR 0061378

സൗദാമിനി ടി എം എന്നവർ കാങ്കോൽആലപ്പടമ്പ് ഗ്രാമപഞ്ചായത്തിനെതിരെ നൽകിയ പരാതി

തനിക്ക് പുതുതായി പട്ടയം ലഭിച്ച ഭൂമിയിൽ നിലവിലുള്ള കെട്ടിടത്തിന് നിയമാനുസൃതം നമ്പർ ലഭിക്കുന്നതിന് ഉള്ള അപേക്ഷയിൽ നിലവിലുള്ള കെട്ടിടം എന്ന നിലയിൽ പഴയ നിരക്കിൽ ഫീസ് കൊടുക്കുന്നതിന് അനുവദിക്കണം എന്നതാണ് അപേക്ഷ

**തീരുമാനം**

പുതുതായിപട്ടയം ലഭിച്ചവർക്ക് നിലവിലുള്ള കെട്ടിട നമ്പർ നിയമാനുസൃതം ആക്കുന്നതിനും കെട്ടിടം വിപുലീകരിക്കുന്നതിനുള്ള അപേക്ഷകളിൽ പുതുക്കിയ ഫീസിൽ ഇളവ് അനുമതിക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്ത് 9-11-23 ന് ചേർന്ന യോഗത്തിൽ 269/2023 നമ്പർ പ്രകാരം തീരുമാനിക്കുകയും ആയത് സർക്കാർ സാധൂകരണത്തിന് വേണ്ടി അപേക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു . ഗ്രാമപഞ്ചായത്തിന്റെ ഈ തീരുമാനത്തിന് സർക്കാർ അംഗീകാരം ലഭിക്കുന്നതിന് വിധേയമായി അപേക്ഷയിൽ തീരുമാനമെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചു തീരുമാനിച്ചു

**അജണ്ട 9**

Docket No.KNR 0061740

കുഞ്ഞാമിന ടികെ എന്നവർ രാമന്തളി ഗ്രാമപഞ്ചായത്തിനെതിരെ നൽകിയ പരാതി

ശ്രീമതി കുഞ്ഞാമിന പണിത കടമുറിക്ക് രാമന്തളി ഗ്രാമപഞ്ചായത്തിൽ നിന്നും വിവിധ കാരണങ്ങൾ പറഞ്ഞ് നമ്പർ അനുവദിക്കുന്നില്ല എന്നതാണ് പരാതി

മുൻകൂർ അനുമതിയില്ലാതെ നടത്തിയ കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നത് 06-05-2019 തീയതിയിൽ ശ്രീമതി കുഞ്ഞാമിന സമർപ്പിച്ച അപേക്ഷയിൽ പ്രകാരം പ്രസ്തുത സ്ഥലം തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ ആയതിനാൽ സി ആർ സെഡ് എൻ ഒ സി ക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും അയച്ചു നൽകുകയും 06-01-2020 തീയതിയിലെ KCZMA മെമ്പർ സെക്രട്ടറിയുടെ 1518 /A2/19/ KCZMA കത്ത് പ്രകാരം ടി അപേക്ഷ നിരസിച്ചതായി KCZMA അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് അപേക്ഷകന്റെ കെട്ടിടം ക്രമവൽക്കരിച്ച് നൽകാത്തത് എന്ന് സെക്രട്ടറി അറിയിച്ചു

**തീരുമാനം**

ടി കെ കുഞ്ഞാമിന എന്നവരുടെ കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നത് KCZMAനിരസിച്ചതാണ്. .KCZMA നിരസിച്ച അപേക്ഷയിൽ കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ഈ അദാലത്തിന് സാധിക്കുകയില്ല. കുഞ്ഞാമിന ടികെ എന്നവരുടെ പരാതി നിരസിച്ചു തീരുമാനിച്ചു.

**അജണ്ട 10**

Docket No.KNR 0061822

ശ്രീ നാരായണൻ പി.വി.എന്നവർ എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിനെതിരെ നൽകിയ പരാതി

താൻ ശ്രീ .രാഘവൻ എന്നവരിൽ നിന്നും എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിൽ വെള്ളോറയിൽ സ്ഥലം വിലക്ക് വാങ്ങിയിട്ടുണ്ടെന്നും പ്രസ്തുത സ്ഥലത്തു നിലവിലുണ്ടായിരുന്ന 9/ 134,9/ 135 എന്നീ കെട്ടിടങ്ങളിൽ വ്യാപാരാവശ്യത്തിന് ലൈസൻസ് അപേക്ഷ സമർപ്പിച്ചപ്പോൾ കെട്ടിടങ്ങളിൽ ലൈസൻസ് അനുവദിക്കുന്നില്ല എന്നതാണ് പരാതി.

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന അസ്സസ് മെൻറ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങൾ ട്യൂട്ടോറിയൽ കോളേജ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നും അതിനാലാണ് ലൈസൻസ് അനുവദിക്കാത്തത് എന്നും സെക്രട്ടറി അറിയിച്ചു

പരാതിക്കാരനെ നേരിട്ട് കേട്ടതിൽ കെട്ടിടങ്ങൾ 2002 ൽ തന്നെ പണിതിട്ടുള്ളതാണെന്നും അന്ന് തന്നെ നമ്പർ അനുവദിച്ചിട്ടുള്ളതാണെന്നും കെട്ടിട്ടങ്ങൾ പണിതിരുന്ന കാലത്ത് ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാക്കിയിട്ടില്ലെന്നും ആയതിനാൽ എന്ത് അടിസ്ഥാനത്തിലാണ് രജിസ്റ്ററിൽ ട്യൂട്ടോറിയൽ കോളേജ് എന്ന് കെട്ടിടത്തിന്റെ വിഭാഗം രേഖപ്പെടുത്തിയിരിക്കുന്നത് എന്നും മനസ്സിലാവുന്നില്ലെന്നും പരാതിക്കാരൻ പറഞ്ഞു .കൂടാതെ ആ കാലഘട്ടങ്ങളിൽ നികുതി നിർണയിക്കുന്നതിന് മാത്രമാണ് നമ്പർ പതിക്കുന്നതെന്നും ആയതിനാൽ ട്യൂട്ടോറിയൽ കോളേജ് എന്ന രേഖപ്പെടുത്തിയത് ശരിയല്ലെന്നും തന്റെ കെട്ടിടം വ്യാപാരാവശ്യങ്ങൾക്ക് ഉള്ളതാണെന്നും അതിനാൽ ലൈസൻസ് അനുവദിക്കണമെന്നാണ് ശ്രീ പി വി നാരായണന്റെ ആവശ്യം.

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണയ രജിസ്റ്റർ പരിശോധിച്ചതിൽ മേൽ കെട്ടിടങ്ങൾ 2002ൽ തന്നെ നിലവിൽ വന്നിട്ടുള്ളതും ആയതിന് നികുതി ഒടുക്കിവരുന്നതുമാണ് .പരാതിക്കാരൻ ഉന്നയിക്കുന്നത് പോലെ ആ കാലഘട്ടത്തിൽ എരമംകുറ്റൂർ ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാക്കിയിട്ടില്ലാത്തതാണ് കെട്ടിടം പണിതതിന് ശേഷം നികുതി ഒടുക്കുന്നതിനും നമ്പർ ലഭിക്കുന്നതിനായി അപേക്ഷകർ തന്നെ അപേക്ഷ നൽകുന്നതിനന്റെ അടിസ്ഥാനത്തിലാണ് കെട്ടിട നമ്പർ അനുവദിക്കുന്നത് .ആ കാലഘട്ടത്തിൽ വാസഗൃഹങ്ങളെന്നും വാസേതരകെട്ടിടങ്ങൾ എന്ന രീതിയിലാണ് കെട്ടിടങ്ങളെ പരിഗണിച്ചുവന്നിരുന്നത്. അസസ് മെൻറ് രജിസ്റ്ററിൽ ട്യൂട്ടോറിയൽ കോളേജ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് എന്ത് അടിസ്ഥാനത്തിൽ ആണെന്ന് വ്യക്തമല്ല

പരിശോധനയിൽ നിലവിലുള്ള രണ്ട് നമ്പർ കെട്ടിടങ്ങൾ 3 മുറികളായി വിഭജിച്ചിരിക്കുന്നതായി ബോധ്യപ്പെട്ടു എന്നാൽ രജിസ്റ്റർ പ്രകാരമുള്ള രണ്ടു കെട്ടിടങ്ങളുടെയും ആകെ വിസ്തൃതിയായ 94 ച. മീറ്ററിൽ താഴെയാണ് കെട്ടിടങ്ങളുടെ ഏരിയ കാണുന്നത് .നികുതി നിർണയിക്കുമ്പോൾ കെട്ടിടത്തിന്റെ സ്റ്റെയർകേസ്,വരാന്ത എന്നിവ ഒഴിവാക്കിയാണ് ഗ്രാമപഞ്ചായത്ത് നികുതി നിർണയിച്ചിട്ടുള്ളതെന്ന് പരാതിക്കാരൻ പറയുന്നു. താൻ കെട്ടിടത്തിൽ ഘടനയിൽ മറ്റൊന്ന് മാറ്റങ്ങൾ ഒന്നും വരുത്തിയിട്ടില്ലെന്നും പരാതിക്കാരൻ അറിയിച്ചു. പ്രസ്തുത കെട്ടിടത്തിന്റെ വിസ്തീർണത്തിൽ ഏണിക്കൂട് കണക്കിലെടുക്കാതിരുന്നാൽ വിസ്തീർണത്തിൽ വ്യത്യാസം വന്നിട്ടില്ല എന്നും നിലവിൽ മേൽക്കൂരക്ക് മുകളിലായി ഷീറ്റ് പണിതിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്തിന് വേണ്ടി ഓവർസിയർ അറിയിച്ചു

**തീരുമാനം**

കെട്ടിടം നിലവിൽ വന്നിട്ടുള്ളത് 2002 കാലഘട്ടത്തിലാണ് ആ കാലഘട്ടത്തിൽ എരമംകുറ്റൂർ ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാക്കിയിരുന്നില്ല. രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുതകെട്ടിടങ്ങൾക്ക് വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കിയതായി കാണുന്നു .കൂടാതെ കെട്ടിടങ്ങളുടെ നേരെ ട്യൂട്ടോറിയൽ കോളേജ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്..ഇത്തരം ഒരു രേഖപ്പെടുത്തൽ നടത്തിയത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. പ്രസ്തുത കെട്ടിടം 94 ചതുരശ്ര മീറ്റർ മാത്രം വിസ്തൃതി ഉള്ളതാണ്. ഈ കെട്ടിടം അംഗീകൃത നമ്പർ ഉള്ളവയാണ് .കൂടാതെ നിലവിൽ പരിഗണിക്കുകയാണെങ്കിൽ പോലും കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുസരിച്ച് 300 ചതുരശ്ര മീറ്ററിൽ കുറവുള്ള സമ്മേളന കൈവശഗണത്തിൽപ്പെട്ട കെട്ടിടങ്ങൾക്കും ഗ്രൂപ്പ് എഫ് കച്ചവട കൈവശഗണത്തിൽപ്പെട്ട നിബന്ധനകളാണ് ബാധകമാക്കുന്നത്.

ഈ വസ്തുതകൾ പരിഗണിക്കുമ്പോൾ പ്രസ്തുത കാലഘട്ടത്തിൽ ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാക്കിയിട്ടില്ലാത്തതിനാൽ കെട്ടിടം നിർമ്മിക്കുമ്പോൾ തന്നെ എന്ത് ആവശ്യത്തിനുള്ളതാണെന്ന് വ്യക്തമാക്കപ്പെടാത്തതാണ് .കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് അതായത് 2002 ൽ തന്നെ അംഗീകൃത നമ്പറുകൾ ലഭിച്ചിട്ടുള്ള കെട്ടിടം താമസേതര ആവശ്യങ്ങൾക്ക് ഉള്ളതാണെന്നും അപേക്ഷകൻ ആവശ്യപ്പെടുന്നതു പോലെ കച്ചവട ആവശ്യങ്ങൾക്ക് ഉള്ളതാണെന്ന് പരിഗണിച്ച് ലൈസൻസ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിക്കുന്നു.കെട്ടിടത്തോട് ചേർന്ന് അംഗീകാരം ഇല്ലാത്ത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിൽ തുടർനടപടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു

**അജണ്ട 11**

Docket No.KNR 0061972

ശ്രീമതി ശരണ്യ എന്നവർ രാമന്തളി ഗ്രാമപഞ്ചായത്തിനെതിരെ നൽകിയ പരാതി.

ശ്രീമതി ശരണ്യ 2022 ൽ വീട് പണിയുന്നതിനായി ഗ്രാമപഞ്ചായത്തിൽ പെർമിറ്റിന് അപേക്ഷിച്ചിരുന്നു എങ്കിലും പെർമിറ്റ് ലഭിച്ചിട്ടില്ല എന്നതാണ് പരാതി

ശ്രീമതി ശരണ്യയുടെ അപേക്ഷയിൽ പുതുതായി നിർമ്മിക്കുന്ന പ്ലോട്ടിൽ കൂടി നിർദ്ദിഷ്ട തീരദേശ ഹൈവേ കടന്നു പോകുന്നതിനാൽ കേരള റോഡ് ഫണ്ട് ബോർഡിൽ നിന്ന് കെട്ടിട നിർമ്മാണ സംബന്ധിച്ചിട്ടുള്ള ക്ലിയറൻസ് ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് 14-10-2022 തീയതിയിൽ അയച്ചു നൽകിയിട്ടുള്ളതാണെന്നും ആയതിനെ മറുപടിയൊന്നും ലഭിക്കാത്ത സാഹചര്യത്തിലാണ് പെർമിറ്റ് അനുവദിക്കാതിരുന്നത് സെക്രട്ടറി അറിയിച്ചു

**തീരുമാനം**

തീരദ്ദേശ റോഡ് സർവ്വെ പ്രവൃത്തികൾ നടന്നു വരുന്നതിനാൽ പ്രസ്തുത അലൈൻമെന്റിൽ വരുന്ന നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി നല്കുന്നതിന് മുമ്പ് KRFB യുടെ N O C ആവശ്യമാണെന്ന് KRFB ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 11 (vii)പ്രകാരം നിർദ്ദിഷ്ട ഭൂമി സർക്കാരിൻറെ ഭൂമിയേറ്റെടുക്കൽ നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളതാണെങ്കിൽ കെട്ടിട നിർമ്മാണ പെർമിറ്റിന് അംഗീകാരം നൽകാൻ സാധിക്കുന്നതല്ല .നിർദിഷ്ട തീരദേശ ഹൈവേ പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്ന സാഹചര്യത്തിൽ ചട്ടപ്രകാരം കെട്ടിടം നിർമ്മാണ അനുമതികൾ നൽകുന്നതിന് സാധിക്കാത്തതാണ്.

**അജണ്ട 12**

Docket No.KNR 0061521

ഗോപാലൻ പി കെ എന്നവർ കാങ്കോൽ ആലപ്പടമ്പ് ഗ്രാമപഞ്ചായത്തിനെതിരെ നൽകിയ പരാതി

തനിക്ക് പുതുതായി പട്ടയം ലഭിച്ച ഭൂമിയിൽ നിലവിലുള്ള കെട്ടിടത്തിന് നിയമാനുസൃതം നമ്പർ ലഭിക്കുന്നതിന് ഉള്ള അപേക്ഷയിൽ നിലവിലുള്ള കെട്ടിടം എന്ന നിലയിൽ പഴയ നിരക്കിൽ ഫീസ് കൊടുക്കുന്നതിന് അനുവദിക്കണം എന്നതാണ് അപേക്ഷ

**തീരുമാനം**

പുതുതായിപട്ടയം ലഭിച്ചവർക്ക് നിലവിലുള്ള കെട്ടിട നമ്പർ നിയമാനുസൃതം ആക്കുന്നതിനും കെട്ടിടം വിപുലീകരിക്കുന്നതിനുള്ള അപേക്ഷകളിൽ പുതുക്കിയ ഫീസിൽ ഇളവ് അനുമതിക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്ത് 9-11-23 ന് ചേർന്ന യോഗത്തിൽ 269/2023 നമ്പർ പ്രകാരം തീരുമാനിക്കുകയും ആയത് സർക്കാർ സാധൂകരണത്തിന് വേണ്ടി അപേക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു . ഗ്രാമപഞ്ചായത്തിന്റെ ഈ തീരുമാനത്തിന് സർക്കാർ അംഗീകാരം ലഭിക്കുന്നതിന് വിധേയമായി അപേക്ഷയിൽ തീരുമാനമെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചു തീരുമാനിച്ചു

**അജണ്ട 13**

Docket No.KNR 0070054

ശ്രീമതി മുട്ടത്ത് മുക്രിയന്റകത്ത് മുഹസീന എന്നവർ കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിനെതിരെ നൽകിയ പരാതി.

ശ്രീമതി മുട്ടത്ത് മുക്രിയന്റകത്ത് മുഹസീന നിർമ്മിച്ച വീടിന് കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ അനുവദിക്കുന്നില്ല എന്നതാണ് പരാതി .പരാതിക്കാരിയെ നേരിട്ട് കേട്ടതിൽ കെട്ടിടത്തിന്റെ തൊട്ടടുത്ത് മറ്റൊരാളുടെ പ്ലോട്ടിലാണ് സെപ്റ്റിക്ക് ടാങ്ക് നിർമ്മിച്ചിരിക്കുന്നത് എന്ന കാരണത്താലാണ് നമ്പർ അനുവദിക്കാത്തതെന്നും തൊട്ടടുത്ത കെട്ടിടത്തിന്റെ ഉടമസ്ഥന്റെ സമ്മതപത്രം ഹാജരാക്കിരുന്നെങ്കിലും അനുമതി ലഭിക്കുന്നില്ല എന്നതാണ് പരാതി

ശ്രീമതി മുട്ടത്ത് മുക്രിയന്റകത്ത് മുഹസീനയുടെ അപേക്ഷയിൽ പരിശോധന നടത്തിയത് പ്രകാരം സെപ്റ്റിക് ടാങ്ക് നിർമ്മിച്ചിട്ടില്ല എന്നും ഫ്രണ്ട് യാർഡിന് മൂന്നുമീറ്റർ സ്ഥലം ലഭ്യമാകുന്നില്ല എന്നീ അപാകതകളാണ് നിലവിൽ ഉണ്ടായിരുന്നതെന്ന് സെക്രട്ടറി അറിയിച്ചു .കൂടാതെ ജില്ലാതല അദാലത്തിൽ അപേക്ഷ പരിഗണിക്കുകയും 20 ശതമാനം ടോളറൻസ് നല്കി ആവശ്യമായ അകലം പാലിക്കുന്നുണ്ടെങ്കിൽ അനുഭാവപൂർണ്ണം പരിഗണിക്കാവുന്നതാണ് എന്നും സെപ്റ്റിക് ടാങ്ക് നിർമ്മിച്ചു എന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ് എന്നാൽ അപേക്ഷക ഈ അപാകതകൾ ഇതുവരെ പരിഹരിക്കാത്തതിനാലാണ് നമ്പർ അനുവദിക്കാത്തതിന് സാധിക്കാത്തതെന്ന്സെക്രട്ടറി അറിയിച്ചു .പരാതിക്കാരെ നേരിട്ട് കേട്ടതിൽ നിലവിൽ പ്ലോട്ടിനകത്ത് താൻ സെപ്റ്റിക് ടാങ്ക് നിർമ്മിച്ചിട്ടില്ല എന്ന് അറിയിച്ചു

**തീരുമാനം**

ജില്ലാ അദാലത്ത് സമിതി നിർദേശിച്ച പ്രകാരം സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുന്നതിന് അപേക്ഷകയോട് നിർദ്ദേശിച്ചു .അപാകത പരിഹരിച്ച് അറിയിക്കുന്ന മുറക്ക് തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു

**അജണ്ട 14**

Docket No.KNR 0101953

അനിൽകുമാർ പി എന്നവർ നാറാത്ത് ഗ്രാമപഞ്ചായത്തിനെതിരെ സമർപ്പിച്ച പരാതി

വീടിന് നമ്പർ ലഭിക്കുന്നില്ല എന്നാണ് പരാതി.സെപ്റ്റിക് ടാങ്ക് നിർമ്മിച്ചത് റോഡിൽ നിന്നും വേണ്ടത്ര അകലം പാലിച്ചിട്ടല്ല എന്ന കാരണത്താലാണ് നമ്പർ അനുവദിക്കാത്തത് എന്ന് ഗ്രാമപഞ്ചായത്ത് റിപ്പോർട്ട് ചെയ്തു അപേക്ഷകനെ നേരിട്ട് കേട്ടതിൽ താൻ സൗജന്യമായി വിട്ടു നൽകിയ സ്ഥലത്താണ് റോഡ് നിർമ്മിച്ചിട്ടുള്ളത്. 20 cm കുറവ് മാത്രമാണ് ഇക്കാര്യത്തിൽ വന്നിട്ടുള്ളത് എന്നും മറ്റ് സ്ഥലം ലഭ്യമല്ലാത്തതിനാൽ ആണ് അവിടെ നിർമ്മിച്ചിട്ടുള്ളത് എന്നും അപേക്ഷകൻ പറഞ്ഞു

**തീരുമാനം**

റോഡ് നിർമ്മാണത്തിന് സ്ഥലം സൗജന്യമായി വിട്ടുകൊടുത്തു എന്ന കാര്യം പരിഗണിച്ച് 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ അദ്ധ്യായം 10 പ്രകാരം ഇളവ് നൽകുന്നതിന് പരിഗണിക്കുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ചു തീരുമാനിച്ചു

**അജണ്ട 15**

Docket No.KNR 0100765

കദീജ ബീ എന്നവർ നാറാത്ത് ഗ്രാമപഞ്ചായത്തിനെതിരെ നൽകിയ പരാതി

വീടിന് നമ്പർ ലഭിച്ചിട്ടില്ല എന്നാണ് പരാതി .പരാതി പരിശോധിച്ചത് പ്രകാരം കൈവശാവകാശ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കാത്തതിനാൽ അപേക്ഷകയോട് ആയത് ഹാജരാക്കുന്നതിന് നിർദേശിച്ചിരുന്നു. പരിഹരിച്ച് സമർപ്പിക്കാത്തതിനാലാണ് അപേക്ഷയിൽ തുടർപടി സ്വീകരിക്കാൻ സാധിക്കാത്തത് എന്ന് സെക്രട്ടറി അറിയിച്ചു . നേരിട്ട് കേട്ടതിൽ പ്രസ്തുത സ്ഥലത്തിന്റെ സർവ്വേ നമ്പർ സംബന്ധിച്ച് അവ്യക്തത നിമിത്തം കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്തതാണെന്നും ആയതിനാൽ പരിഹരിച്ച് സമർപ്പിക്കാൻ സാധിക്കാത്തത് എന്നും അറിയിച്ചു കൈവശാവകാശ സർട്ടിഫിക്കറ്റിന് വില്ലേജ് ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിച്ചു

**തീരുമാനം**

ഖദീജ ബീവി അപേക്ഷയോടൊപ്പം ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല എന്ന് കാണുന്നു ആയതിനാൽ ബന്ധപ്പെട്ട രേഖകൾ ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കുന്നതിന് അപേക്ഷകയോട് നിർദ്ദേശിച്ചു. ലഭിക്കുന്ന മുറക്ക് അപേക്ഷയിൽ തീരുമാനമെടുക്കുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ചു തീരുമാനിച്ചു

**അജണ്ട 16**

Docket No.KNR 0101825

ശ്രീമതി വിജന എന്നവർ നാറാത്ത് ഗ്രാമപഞ്ചായത്തിനെതിരെ നൽകിയ പരാതി

നാറാത്ത് ഗ്രാമപഞ്ചായത്തിൽ പണിത വീടിന് നമ്പർ ലഭിക്കുന്നില്ല എന്നതാണ് പരാതിക്ക് അടിസ്ഥാനം.

ശ്രീമതി വിജനയുടെ കെട്ടിടം പണിയുന്ന സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതുകൊണ്ടാണ് നമ്പർ അനുവദിക്കാൻ സാധിക്കാത്തതെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചു .നേരിട്ട് കേട്ടതിൽ പ്രസ്തുത സ്ഥലം പരിവർത്തനം ചെയ്യുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടെന്ന് പരാതിക്കാരി അറിയിച്ചു.

**തീരുമാനം**

കേരള നെൽവയൽ തണ്ണീർതട സംരക്ഷണ നിയമ പ്രകാരം ചെയ്ത വിജ്ഞാപനം ചെയ്ത ഭൂമിയിൽ ഉൾപ്പെട്ടതു കൊണ്ടാണ് കെട്ടിട നിർമ്മാണ അനുമതി അനുവദിക്കുന്നതിന് സാധിക്കാത്തത് എന്ന് ബോധ്യപ്പെട്ടു .നിലവിൽ ശ്രീമതി വിജന ഭൂമി പരിവർത്തനം ചെയ്യുന്നതിന് അനുമതി ലഭിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ടെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അനുമതി സംബന്ധിച്ച രേഖകൾ ഗ്രാമപഞ്ചായത്തിൽ ഹാജരാക്കുന്നതിന് പരാതിക്കാരിയോട് നിർദ്ദേശിച്ചു . ആയത് ലഭിക്കുന്ന മുറക്ക് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ചു.

**അജണ്ട 17**

Docket No.KNR 0100567

ആരംഭൻ സുരേശൻ എന്നവർ നാറാത്ത് ഗ്രാമപഞ്ചായത്തിനെതിരെ നൽകിയ പരാതി

തനിക്ക് കെട്ടിട നിർമ്മാണാനുമതി അപേക്ഷയിൽ പെർമിറ്റ് ലഭിക്കുന്നില്ല എന്നതാണ് പരാതി . ഡാറ്റ ബാങ്ക് ഉൾപ്പെട്ട സ്ഥലത്താണ് നിർമ്മാണത്തിന് ഉദ്ദേശിക്കുന്നത് എന്നതിനാലാണ് പെർമിറ്റ് അനുവദിക്കാൻ സാധിക്കാത്തത് എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി .പരാതിക്കാരനെ നേരിട്ട് കേട്ടതിൽ വീട് പണിയുന്നതിന് മറ്റു ഭൂമി ലഭ്യമല്ലെന്ന് അറിയിച്ചു.

**തീരുമാനം**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം വിജ്ഞാപനം ചെയ്ത ഭൂമിയിൽ കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിന് സാധിക്കുകയില്ലാത്തതാണ് .വീട് പണിയുന്നതിന് മറ്റു ഭൂമിയൊന്നും ലഭ്യമല്ലെങ്കിൽ പരാതിക്കാരന് പ്രാദേശിക നിരീക്ഷണ സമിതി മുഖേന ജില്ലാതല സമിതിക്ക് അപേക്ഷ നൽകാവുന്നതാണ് എന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു

**അജണ്ട 18**

Docket No.KNR 0060922

ശ്രീ സുകുമാരൻ വി എന്നവർ കാങ്കോൽ ആലപടമ്പ ഗ്രാമപഞ്ചായത്തിനെതിരെ നൽകിയ പരാതി

തനിക്ക് പുതുതായി പട്ടയം ലഭിച്ച ഭൂമിയിൽ നിലവിലുള്ള കെട്ടിടത്തിന് നിയമാനുസൃതം നമ്പർ ലഭിക്കുന്നതിന് ഉള്ള അപേക്ഷയിൽ നിലവിലുള്ള കെട്ടിടം എന്ന നിലയിൽ പഴയ നിരക്കിൽ ഫീസ് ഒടുക്കുന്നതിന് അനുവദിക്കണം എന്നതാണ് അപേക്ഷ

**തീരുമാനം**

പുതുതായിപട്ടയം ലഭിച്ചവർക്ക് നിലവിലുള്ള കെട്ടിട നമ്പർ നിയമാനുസൃതം ആക്കുന്നതിനും കെട്ടിടം വിപുലീകരിക്കുന്നതിനുള്ള അപേക്ഷകളിൽ പുതുക്കിയ ഫീസിൽ ഇളവ് അനുമതിക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്ത് 9-11-23 ന് ചേർന്ന യോഗത്തിൽ 269/2023 നമ്പർ പ്രകാരം തീരുമാനിക്കുകയും ആയത് സർക്കാർ സാധൂകരണത്തിന് വേണ്ടി അപേക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു . ഗ്രാമപഞ്ചായത്തിന്റെ ഈ തീരുമാനത്തിന് സർക്കാർ അംഗീകാരം ലഭിക്കുന്നതിന് വിധേയമായി അപേക്ഷയിൽ തീരുമാനമെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചു തീരുമാനിച്ചു

**മറ്റ് പരാതികൾ**

**അജണ്ട 19**

ശ്രീ ഗിരീഷ് മാണിക്കോത്ത് എന്നവർ കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിന് എതിരെ നൽകിയ പരാതി

കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിൽ പെരുമ്പ പാലത്തിന്റെ സമീപമുള്ള വള്ളുവ കോളനിയിൽ ദാമോദരൻ എന്നവർ അനധികൃതമായി കെട്ടിടം നിർമ്മിച്ച് ലൈസൻസ് ഇല്ലാതെ ഹോട്ടൽ പ്രവർത്തിപ്പിച്ചുവരികയാണ് എന്നതാണ് പരാതി.

അനധികൃതമായി കെട്ടിടം നിർമ്മിച്ച് ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നതിന് ശ്രീ ദാമോദരന് നോട്ടീസ് നൽകി നടപടികൾ ആരംഭിച്ചിട്ടുണ്ട് സെക്രട്ടറി അറിയിച്ചു

**തീരുമാനം**

ഈ അദാലത്തിൽ കെട്ടിട നിർമ്മാണ അനുമതി ,ലൈസൻസ് ,സിവിൽ രജിസ്ട്രേഷൻ തുടങ്ങി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നൽകിയ അപേക്ഷയിൽ മേൽ സേവനം ലഭ്യമാക്കാത്തത് സംബന്ധിച്ച പരാതികളാണ് പരിഗണിക്കപ്പെടുന്നത് .ഇവിടെ ശ്രീ ഗിരീശൻ ഇത്തരമൊരു സേവനത്തിന് അല്ല അപേക്ഷ നൽകിയിരിക്കുന്നത് .എന്ന് മാത്രമല്ല മറ്റൊരാളുടെ നിർമ്മാണത്തിനെതിരായ പരാതിയാണ് സമർപ്പിച്ചിട്ടുള്ളത് എന്നും കാണുന്നു .ഇത്തരത്തിലുള്ള മൂന്നാം കക്ഷിയുടെ പരാതികൾ അദാലത്തിന്റെ പരിഗണനവിഷയങ്ങളിൽ ഉൾപ്പെടാത്തതാണ് എന്നതിനാൽ പരാതി നിരസിച്ച തീരുമാനിച്ചു

**അജണ്ട 20**

എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിനെതിരെ ശ്രീ മുജീബ് എന്നവർ നൽകിയ പരാതി

കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ സുഗമമാക്കൽ ആക്ട് പ്രകാരം ലഭിച്ച ലൈസൻസ് ഗ്രാമപഞ്ചായത്ത് പുതുക്കി നൽകുന്നില്ല എന്നതാണ് പരാതി ഈ ആക്ടിന്റെ അടിസ്ഥാനത്തിൽ സെൽഫ് ഡിക്ലറേഷൻ പ്രകാരം പരാതിക്കാരന് ഒരു ഫ്ലോർമിൽ നടത്തുന്നതിന് 3 വർഷത്തേക്ക് ലൈസൻസ് ലഭിച്ചിട്ടുണ്ടെന്നും ആയത് പുതുക്കി ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ അപേക്ഷിച്ചപ്പോൾ അനുവദിക്കുന്നില്ല എന്നുമാണ് പരാതി .ഈ പരാതി നേരത്തെ തന്നെ ഈ അദാലത്തിന്റെ പരിഗണന വന്നിട്ടുള്ളതാണ്

**തീരുമാനം**

വാണിജ്യ കൈവശഗണത്തിലുള്ള കെട്ടിടത്തിലാണ് ഈ വ്യവസായ സംരംഭം തുടങ്ങിയിട്ടുള്ളത് എന്നതിനാൽ വ്യവസായങ്ങൾക്ക് വാണിജ്യ കെട്ടിടങ്ങളിൽ ലൈസൻസ് അനുവദിക്കുന്നതിന് സാധിക്കുന്നില്ല. സംരംഭകൻ വാടക കെട്ടിടത്തിലാണ് സംരംഭം തുടങ്ങിയിട്ടുള്ളത് പ്രസ്തുത കെട്ടിടം വാണിജ്യ കൈവശത്തിൽ നിന്നും വ്യവസായ കൈവശ ഗണത്തിലേക്ക് മാറ്റിയാൽ മാത്രമാണ് ലൈസൻസ് അനുവദിക്കുന്നതിന് സാധിക്കുക. ഇതിന് കെട്ടിടത്തിന്റെ ഘടനാപരമായ മാറ്റം ഉൾപ്പെടെ സെറ്റ് ബാക്കുകളിൽ ആവശ്യമായ സ്ഥലം ലഭ്യമാക്കിയാൽ മാത്രമേ സാധിക്കുകയുള്ളൂ ആയത് പ്രായോഗികമായി നടപ്പിലാക്കുന്നതിന് പ്രയാസവുമാണ്. സെൽഫ് ഡിക്ലറേഷൻ മുഖേന ആരംഭിച്ച സംരംഭങ്ങൾ മൂന്നുവർഷ കാലാവധിക്ക് ശേഷം നേരിടുന്ന ഒരു പൊതുപ്രശ്നം എന്ന നിലയിൽ ഈ വിഷയം ഗവൺമെൻറ് ശ്രദ്ധയിൽപ്പെടുത്തുന്നതിന് ജില്ലാതലസമിതിയുടെ പരിഗണനക്ക് നേരത്തെ തന്നെ വിട്ടിട്ടുള്ളതാണ് എന്ന് അപേക്ഷകനെ അറിയിക്കുന്നതിന് തീരുമാനിച്ചു .

യോഗം വൈകീട്ട് 4.30 ന് അവസാനിച്ചു.